പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3694 — 15.07.2015 ലെ മറുപടിയ്ക്ക്

## കേരള ടൂറിസത്തിന് അംഗീകാരം

| ചോദ്യം<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സുസ്ഥിരടൂറിസം വികസനത്തിനായി നൂതനസംരംഭങ്ങൾ രൂപപ്പെടുത്താൻ ആഗോളനേതൃത്വം നൽകിയതിന് കേരള ടൂറിസത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) യും ബി) യും | സുസ്ഥിര ടൂറിസം വികസനത്തിനുള്ള നൂതന സംരംഭമായി റെസ്പോൺസിബിൾ ടൂറിസം എന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിഭാഗത്തിൽ കുമരകത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയതിന് വേൾഡ് ടൂറിസം ഓർഗനൈസേഷൻ (UNWTO) ന്റെ 2013 ലെ യുളീസിസ് (Ulysses) അവാർഡ് ലഭിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് അംഗീകാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| സി) | അംഗീകാരം ലഭിക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | സി) | UNWTO ക്ക് അവാർഡിന് അപേക്ഷിക്കുന്നതിന് മുന്നോടിയായി സെക്രട്ടറി ജനറലിന് കുമരകം മോണോഗ്രാഫ് തയ്യാറാക്കി നൽകുകയും അന്താരാഷ്ട്രസമ്മേളനം സംഘടിപ്പിച്ചു കൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിലൂടെ കുമരകത്തും കേരളത്തിലും നടത്തിയ പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി UNWTO പ്രതിനിധികൾ രണ്ടു തവണ കുമരകം സന്ദർശിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ